# Malayala Manorama

## 28 August 2018

## Idukki, After Flood, Flood-hit Area, Rehabilitation

# ഇടുക്കി: നാശമുണ്ടായ സ്ഥലങ്ങളിൽ ജനവാസം പ്രോൽസാഹിപ്പിക്കില്ല

തിരുവനന്തപുരം • ഇടുക്കിയിൽ പ്രളയക്കെടുതിയിൽ വ്യാപകനാശമുണ്ടായ സ്ഥലങ്ങളിൽ ജനവാസം പ്രോൽസാഹിപ്പിക്കില്ലെന്നു റവന്യു മന്ത്രി ഇ.ചന്ദ്രശേഖരൻ. ഇത്തരം പ്രദേശങ്ങളിൽ താമസം അതീവ അപകടകരമാണെന്നാണു വിലയിരുത്തൽ. ഇവിടെയുള്ളവരെ സുരക്ഷിത സ്ഥലങ്ങളിൽ പുനരധിവസിപ്പിക്കും. ഇതിനായി സംഘടനകളിൽ നിന്നും വ്യക്തികളിൽ നിന്നും ഭൂമി സ്വീകരിക്കും. ലഭ്യമായ സ്ഥലങ്ങളിൽ സർക്കാർ തന്നെ ഭൂമി കണ്ടെത്തുമെന്നും മനോരമ ന്യൂസിന്റെ ലൈവത്തോണിൽ മന്ത്രി പറഞ്ഞു.